# ഇസ്‌ലാമിക് ബാങ്കുകളും സുസ്ഥിര വികസനവും

പഠനം ● **മുഹമ്മദ് പാലത്ത്**

**മിക്ക** രാഷ്ട്രങ്ങളും ഇസ്‌ലാമിക് ബാങ്കിംഗിനെക്കുറിച്ച് പഠിക്കുകയും അത് പ്രാവര്‍ത്തികമാക്കാനുള്ള ശ്രമങ്ങള്‍ നടത്തുകയും ചെയ്യുന്ന സവിശേഷ സാഹചര്യമാണ് ലോക സാമ്പത്തിക രംഗത്ത് കണ്ടുകൊണ്ടിരിക്കുന്നത്. സാമ്പ്രദായിക പലിശാധിഷ്ഠിത ഫിനാന്‍സ് രീതികളുടെ പോരായ്മകള്‍ ഒരു പരിധിവരെ പരിഹരിക്കുകയും രാജ്യത്ത് വളര്‍ച്ചയും വികസനവും യാഥാര്‍ഥ്യമാക്കുകയും ചെയ്യുന്ന സംവിധാനം എന്ന നിലക്കാണ് ആധുനികലോകം ഇസ്‌ലാമിക് ഫിനാന്‍സിനെ പുല്‍കുന്നത്. പലിശയോടുള്ള വിരോധമോ, ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയോടുള്ള സ്നേഹമോ ഒന്നുമല്ല പാശ്ചാത്യ രാജ്യങ്ങളെ ഇസ്‌ലാമിക് ഫിനാന്‍സിലേക്ക് ആകര്‍ഷിക്കുന്നത്. തങ്ങളുടെ സമ്പദ് വ്യവസ്ഥയെ ഉലയാതെ നിര്‍ത്തണമെങ്കില്‍ ഏക വഴി ഇതു മാത്രമേയുള്ളൂ എന്ന തിരിച്ചറിവാണ് അതിന് കാരണം. അതിനാല്‍ തന്നെ ഇസ്‌ലാമിക് ബാങ്കുകള്‍ മുതലാളിത്ത ഉപകരണങ്ങളാണെന്നും കോര്‍പറേറ്റുകളുടെ കൈപിടിയിലാണെന്നുമുള്ള പ്രചാരണങ്ങളും ചില കോണുകളില്‍നിന്ന് ഉയരുന്നുണ്ട്. ഈ ആരോപണങ്ങളില്‍ വസ്തുതയുണ്ടെങ്കില്‍ അതിനുകാരണം അടുത്തകാലത്തായി ഉദിച്ചുയര്‍ന്ന പല സ്ഥാപനങ്ങളും ഇസ്‌ലാമിക ധനകാര്യ സ്ഥാപനം നിഷ്കര്‍ഷിക്കുന്ന അടിസ്ഥാന ഗുണങ്ങളില്‍നിന്ന് വ്യതിചലിച്ചതാണ് എന്ന് കാണാന്‍ കഴിയും.

പണമിടപാടുകളില്‍ ഇടനിലക്കാരന്റെ റോളിലാണ് ബാങ്കുകള്‍ ഫിനാന്‍സ് രംഗത്തേക്ക് കടന്നുവരുന്നത്. പണം മിച്ചമായി കൈവശമുള്ളവരില്‍നിന്ന് സ്വരൂപിച്ച് ആവശ്യക്കാര്‍ക്ക് ലഭ്യമാക്കുകയാണ് അവയുടെ ദൗത്യം. സാമ്പ്രദായിക ബാങ്കുകള്‍ അത് പലിശ സംവിധാനത്തിലൂടെയാണ് നിര്‍വഹിക്കുന്നതെങ്കില്‍ ഇസ്‌ലാമിക് ബാങ്കുകള്‍ ലാഭനഷ്ട പങ്കാളിത്ത രീതിയാണ് നിര്‍വഹിക്കുന്നത്. സാമ്പ്രദായിക ബാങ്കുകളിലെ നിക്ഷേപകര്‍ കാലക്രമത്തിനനുസരിച്ച് പലിശ ആദായമായി പ്രതീക്ഷിക്കുമ്പോള്‍, ഇസ്‌ലാമിക് ബാങ്കുകളിലെ നിക്ഷേപകര്‍ തങ്ങളുടെ ഫണ്ടിന്റെ വിനിയോഗത്തിലൂടെ നിശ്ചിത ശതമാനം ലാഭം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നഷ്ടം വന്നാല്‍ അതും സഹിക്കാന്‍ അവര്‍ തയാറാണ്. പലിശാധിഷ്ഠിത സ്ഥാപനങ്ങളും ഇസ്‌ലാമിക സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസം ഇവിടെ തീരുന്നില്ല. എങ്ങനെയെങ്കിലും ലാഭമുണ്ടാക്കുക എന്നതല്ല ഇസ്‌ലാമിക് ബാങ്കുകളുടെ ലക്ഷ്യം. ഇസ്‌ലാമിക ശരീഅത്തിനനുസൃതമായി പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങളാണ് ഇസ്‌ലാമിക് ബാങ്കുകളും ഫിനാന്‍സ് കമ്പനികളും. ഏതുവഴിയിലൂടെയും ലാഭമുണ്ടാക്കാന്‍ അത് അനുവദിക്കുന്നില്ല. ശരീഅത്ത് നിരോധിച്ച വസ്തുക്കളുടെ ഉല്‍പാദനവും കൈമാറ്റ രീതികളും ഇസ്‌ലാമിക് ബാങ്കുകളും നിരോധിക്കുന്നു. ഈ തത്ത്വങ്ങള്‍ പാലിച്ചുകൊണ്ടുള്ള സാമ്പത്തിക

പ്രവർത്തനങ്ങളും രീതികളും പിന്തുടരുമ്പോൾ സമൂഹത്തിൽ ഉൽപാദനം വർധിക്കുകയും വികസനവും വളർച്ചയും യാഥാർഥ്യമാവുകയും ചെയ്യും. ഇസ്‌ലാമിക മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്ന സാമ്പത്തിക സ്ഥാപനത്തിനേ സമൂഹത്തിന്റെ സമഗ്രവികസനത്തിന് സംഭാവനകൾ നൽകാൻ കഴിയൂ. സമഗ്രവികസനം യാഥാർഥ്യമാക്കുകയാണ് ഇസ്‌ലാമിക് ബാങ്കുകളുടെ സാമൂഹിക ബാധ്യത.

## ഇസ്‌ലാമിക് ബാങ്കുകളുടെ മൗലികത

മിക്കയാളുകളും കരുതുന്നത് ഇസ്‌ലാമിക് ബാങ്കുകളും സാമ്പ്രദായിക ബാങ്കുകളും തമ്മിലുള്ള വ്യത്യാസം പലിശയിൽ മാത്രമാണ് എന്നാണ്. അതിനാൽ 'പലിശ രഹിത ബാങ്കിംഗ്' എന്ന് പ്രയോഗിക്കുന്നതിൽ ഒരു കുഴപ്പവും അവർ കാണുന്നില്ല. മതേതര സമൂഹത്തിൽ അത്തരമൊരു പേര് ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ അത്തരമൊരു സ്ഥാപനം ഇസ്‌ലാമിക് ബാങ്ക് ആവണമെങ്കിൽ മൗലികമായ ചില സവിശേഷതകൾ അവക്ക് ഉണ്ടായിരിക്കണം. അവ ഇങ്ങനെ സംഗ്രഹിക്കാം.

1. സാമ്പത്തിക പ്രവർത്തനങ്ങളെ മതകീയാടിത്തറകളിൽനിന്ന് വേർപെടുത്താവതല്ല.

2. എല്ലാ ഇടപാടുകളുടെയും അന്തിമമായ മാനദണ്ഡം ഇസ്‌ലാമിക ശരീഅത്താണ്.

3. പണത്തെ ചരക്കായി പരിഗണിക്കുന്നില്ല. അത് വിനിമയമാധ്യമവും മൂല്യ മാപിനിയുമാണ്. സമയത്തിനനുസരിച്ച് അതിന്റെ മൂല്യം വർധിക്കുന്നില്ല. അതിനാൽ മൂലധനത്തിന് സ്ഥിര നിശ്ചിത വരുമാനം ഉറപ്പുവരുത്താവതല്ല.

4. പരിസ്ഥിതിക്കും സമൂഹത്തിനും ദോഷകരമായ എല്ലാ ഇടപാടുകളും വിലക്കുന്നു. സമൂഹ താൽപര്യത്തിന് മുന്തിയ പരിഗണന നൽകുകയും ആരോഗ്യകരമായ വികസനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ ഇസ്‌ലാമിക് ബാങ്കിംഗ് ലോകമെങ്ങും വ്യാപിക്കുമ്പോൾ ഈ മൗലികമായ അടിസ്ഥാനങ്ങൾ അവഗണിക്കപ്പെടുകയോ പ്രാധാന്യം കുറയുകയോ ചെയ്തതായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. സാമ്പ്രദായിക ബാങ്കുകളുമായി താരതമ്യം ചെയ്ത് ലാഭം ഉയർത്തിക്കാണിക്കുന്നതിനും അതുവഴി വളർച്ച കൈവരിക്കാനുമാണ് മിക്ക സ്ഥാപനങ്ങളുടെയും ശ്രമം. ഇസ്‌ലാമിക് ബാങ്കിംഗ് വ്യാപകമായ പല മുസ്‌ലിം സമൂഹങ്ങളിലും അതിന്റെ ഫലം അടിസ്ഥാന ജനവിഭാഗത്തിന് ലഭ്യമാവാതിരിക്കാനുള്ള കാരണവും ഇതുതന്നെയാണ്. സാമൂഹിക ബാധ്യതകൾ നിറവേറ്റുന്നതിലും വികസനം യാഥാർഥ്യമാക്കുന്നതിലും സകാത്തിന്റെ കേന്ദ്രീകൃത വിതരണത്തിലും മാത്രമായി അവയുടെ സേവനങ്ങൾ ഒതുങ്ങുകയാണ്. അതിനാൽ യഥാർഥ ഇസ്‌ലാമിക് ബാങ്ക് എങ്ങനെയാണ് സാമൂഹിക ബാധ്യതകൾ നിർവഹിക്കുന്നതെന്നും വികസനത്തിന് നേതൃത്വം വഹിക്കുന്നതെന്നും വ്യക്തമാക്കേണ്ടി വരുന്നു.

## ഇസ്‌ലാമിക് ബാങ്കും സുസ്ഥിര വികസനവും

സുസ്ഥിര വികസനം എന്നത് സമഗ്രമായ പ്രയോഗമാണ്. സമൂഹത്തിന് നന്മ മാത്രം ലഭിക്കുന്നതും പരിസ്ഥിതിക്കിണങ്ങിയതുമായ, സാമൂഹികവും ധാർമികവുമായ ശക്തി പകർന്നു നൽകുന്ന വികസനം. ഇസ്‌ലാമിക കാഴ്ചപ്പാടിൽ വികസനം ശരീഅത്തിന്റെ ലക്ഷ്യങ്ങൾ യാഥാർഥ്യമാക്കാൻ ഉതകുന്നതാവണം. ഈ ലോകത്തും അതിനു ശേഷവും മനുഷ്യന്റെ വിജയവും ക്ഷേമപൂർണമായ ജീവിതവും ഉറപ്പുവരുത്തുകയാണ് ശരീഅത്തിന്റെ ലക്ഷ്യം. ഭൗതിക വിഭവങ്ങളോടൊപ്പം ആത്മീയ ആവശ്യങ്ങൾ കൂടി പൂർത്തീകരിക്കുമ്പോഴേ ലക്ഷ്യം സാക്ഷാൽകൃതമാവൂ. മനുഷ്യന്റെ അന്തസ്സ്, സാഹോദര്യം, അറിവ്, മൂല്യങ്ങൾ, സാമൂഹിക സാമ്പത്തിക നീതി എന്നിവ കൂടി സാമ്പത്തിക തീരുമാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും മാനദണ്ഡമായാലേ അതു യാഥാർഥ്യമാവുകയുള്ളൂ.

ഇതൊക്കെ തത്ത്വങ്ങളാണ്. പ്രയോഗത്തിലേക്കിറങ്ങുമ്പോൾ ഒട്ടനവധി വെല്ലുവിളികളാണ് നേരിടേണ്ടിവരിക. ഇസ്‌ലാമിക് ബാങ്കിംഗ് യാഥാർഥ്യമായ പല രാഷ്ട്രങ്ങളിലും ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത, പോഷകാഹാരക്കുറവ്, വീടുകളുടെ അപര്യാപ്തത, ആരോഗ്യപ്രശ്നങ്ങൾ എന്നിവ അടിസ്ഥാനപ്രശ്നങ്ങളാണ്. കഴിഞ്ഞ വർഷമുണ്ടായ സാമ്പത്തിക പ്രതിസന്ധി ഈ കഷ്ടതകളും പ്രശ്നങ്ങളും വർധിപ്പിച്ചതായി ഐ.എം.എഫ് കണ്ടെത്തുകയുണ്ടായി. പട്ടിണി കിടക്കുന്നവരുടെ എണ്ണത്തിൽ 10 മില്യണിന്റെ വർധനവാണ് കഴിഞ്ഞ വർഷമുണ്ടായത്. അതേസമയം ഇതിനൊക്കെ കാരണം നിലവിലുള്ള സാമ്പത്തിക രീതികളാണെന്നും പരിഹാരം ഇസ്‌ലാമിക സമ്പദ്

വ്യവസ്ഥയാണെന്നും ചർച്ചചെയ്യപ്പെടുന്നുമുണ്ട്. ആധുനിക ഫിനാൻസ് രീതികളുടെ ദോഷവശങ്ങളിൽനിന്ന് മുക്തമായി യഥാർഥ ഇസ്‌ലാമിക രീതി ആവിഷ്കരിച്ചാലേ വെല്ലുവിളികളെ അതിജയിക്കാനാവൂ.

ഇസ്‌ലാമിക് ഫിനാൻസിംഗ് സ്ഥാപനങ്ങൾ സാമ്പത്തിക മേഖലയിലെ പുതുമുഖങ്ങളാണ്. നിലവിലുള്ള സാമ്പ്രദായിക സ്ഥാപനങ്ങളെപോലെ ലാഭം മാത്രമായിരുന്നു ലക്ഷ്യമെങ്കിൽ അവയുടെ ആവശ്യമുണ്ടായിരുന്നില്ല. സാമൂഹിക ക്ഷേമവും അതിലേക്ക് നയിക്കുന്ന വികസനവും മുഖ്യലക്ഷ്യമായിരിക്കുകയും സമൂഹത്തിന്റെ വിഭവങ്ങൾ സന്തുലിതമായി വിനിയോഗിക്കുകയും ചെയ്യുമ്പോഴേ ഇസ്‌ലാമിക് ബാങ്കുകളുടെ വ്യത്യസ്തത വ്യക്തമാവൂ. ഇതിൽനിന്നുള്ള വ്യതിചലനം തീർച്ചയായും ശരീഅത്തിൽനിന്നുള്ള വ്യതിചലനമാണ്. ഇസ്‌ലാമിക് ബാങ്കിംഗ് രംഗത്തെ അതികായകനായ ഡോ. അഹ്മദ് അൽ നജ്ജാർ ഇസ്‌ലാമിക് ബാങ്കിംഗ് സ്വീകരിക്കപ്പെടാനുള്ള കാരണങ്ങൾ വിവരിക്കുന്നത് ഇങ്ങനെയാണ്:

1. ഇസ്‌ലാമിക് ബാങ്കിംഗ് പ്രസ്ഥാനത്തിന്റെ ധാർമിക പ്രതിബദ്ധത.
2. സന്തുലിത നീതി ഉറപ്പുവരുത്തുന്ന നിക്ഷേപരീതികളും ഉപകരണങ്ങളും.
3. സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളിൽ സ്വീകരിക്കുന്ന പോസിറ്റീവ് നിലപാട്.
4. സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കേണ്ട ബാധ്യത ഏറ്റെടുക്കുന്നു.
5. സാമ്പത്തിക പിൻബലമില്ലാത്തവർക്കും അവർക്ക് സാങ്കേതിക മികവുള്ള പദ്ധതികൾ യാഥാർഥ്യമാക്കാൻ കഴിവുമുണ്ടെങ്കിൽ പണം ലഭ്യമാക്കുന്നു.
6. ഉൽപാദന പരിപോഷണത്തിന് പലിശരഹിത കടങ്ങൾ ലഭ്യമാക്കുന്നു.
7. പരിസ്ഥിതി സൗഹൃദപരവും തൊഴിൽദായകവുമായ പദ്ധതികൾക്ക് മുൻഗണന.

സ്വകാര്യതാൽപര്യത്തിനുപരി, സാമൂഹിക നേട്ടങ്ങളും അതുവഴി ക്ഷേമരാഷ്ട്രവും യാഥാർഥ്യമാക്കുകയെന്നത് ഇസ്‌ലാമിക് ബാങ്കുകളുടെ ലക്ഷ്യമാവണം എന്നാണ് ഇതിൽനിന്ന് മനസ്സിലാവുന്നത്. ചൂഷണവും അനീതിയും ഇല്ലാത്ത, അസമത്വങ്ങൾ പരമാവധി കുറഞ്ഞ ഒരു സമൂഹത്തിന്റെ സൃഷ്ടിയാണ് ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയും അതുവഴി അതിന്റെ പ്രായോഗിക രൂപങ്ങളായ സാമ്പത്തിക സ്ഥാപനങ്ങളും ലക്ഷ്യം വെക്കേണ്ടത്.

ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾ ചാരിറ്റി സ്ഥാപനങ്ങളായി മാറണം എന്നല്ല ഇതിനർഥം. സമൂഹത്തിന് നന്മയും നേട്ടവും കൈവരുത്തുന്ന പ്രൊജക്ടുകൾക്കാണ് അത് മുൻഗണന നൽകേണ്ടത്. പ്രൊജക്ടുകളുടെ സാമ്പത്തിക താൽപര്യം മാത്രമല്ല, സാമൂഹിക പ്രത്യാഘാതങ്ങളും പരിഗണനാ വിഷയമാവും. സാമ്പത്തിക ലാഭം മാത്രമല്ല സാമൂഹിക ലാഭവും മാനദണ്ഡമാവും. നിക്ഷേപ മാനദണ്ഡങ്ങൾക്ക് രൂപം നൽകുമ്പോൾ സാമ്പത്തിക ലക്ഷ്യങ്ങൾ കൂടി പരിഗണിക്കണം. തൊഴിലില്ലായ്മ രൂക്ഷമായ സമൂഹത്തിൽ തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികൾ പരിഗണിക്കപ്പെടണം. നഗരവൽക്കരണം വിദേശ വ്യാപാര നയങ്ങൾ എന്നിവയും രാജ്യതാൽപര്യങ്ങളനുസരിച്ച് പരിഗണിക്കപ്പെടണം. പരിസ്ഥിതി മലിനീകരണം രൂക്ഷമായ പദ്ധതികളിൽനിന്ന് വിട്ടുനിൽക്കണം. ലാഭക്ഷമത മാത്രമല്ല, അതുണ്ടാക്കിയ സാമൂഹിക നേട്ടവും കൂടി പരിഗണിച്ചാവണം ബാങ്കിംഗിനെ വിലയിരുത്തേണ്ടത്.

ഇസ്‌ലാമിക് ബാങ്കിംഗിന്റെ പ്രസ്തുത ദിശയിലുള്ള പ്രവർത്തനം ഇസ്‌ലാമിക ശരീഅത്തിന്റെ ലക്ഷ്യസാക്ഷാൽക്കാരം കൂടിയാണ്. വിശ്വാസം, ബുദ്ധി, സമ്പത്ത്, പാരമ്പര്യം തുടങ്ങിയവയുടെ സംരക്ഷണമാണല്ലോ ശരീഅത്ത് ലക്ഷ്യം വെക്കുന്നത്. അതിനുള്ള പ്രവർത്തനങ്ങളിലൊരു പങ്കാണ് ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾ നിർവഹിക്കുന്നത്. പ്രയാസങ്ങൾ ദൂരീകരിച്ച് ജീവിതം ആയാസരഹിതമാക്കാൻ അവ സഹായിക്കണം. സാമ്പത്തിക ഇടപാടുകളിലൂടെയാണ് ഇത് നിർവഹിക്കപ്പെടുന്നത്. ബാങ്കുകൾ ഇവിടെ നിർവഹിക്കുന്നത് ഒരു സാമൂഹിക ബാധ്യതയാണ്. സമൂഹത്തിന്റെ വിശ്വാസ്യതയും സഹകരണവും കൂടിയുണ്ടെങ്കിൽ അതുവഴി സമഗ്രവികസനം യാഥാർഥ്യമാക്കാനാവും.

സുസ്ഥിര വികസനത്തെ ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ ഇങ്ങനെ നിർവചിക്കാം: 'സാമൂഹിക സാമ്പത്തിക കാഴ്ചപ്പാടോടെയും പാരിസ്ഥിതിക നന്മ പരിഗണിച്ചും ഇസ്‌ലാമിക കാഴ്ചപ്പാടിൽ ഉറച്ചുനിന്ന് സമൂഹത്തിലെ വിഭവങ്ങളും മനുഷ്യശക്തിയും ഉപയോഗിച്ച് ക്ഷേമം വർധിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളാണ് സുസ്ഥിര വികസനം. അത് അല്ലാഹുവിന്റെ ഖലീഫ എന്ന നില

യിൽ സമ്പത്തിന്റെ കൈകാര്യ കർതൃത്വം നിർവഹിക്കാൻ മനുഷ്യനെ സഹായിക്കുന്നു. എന്നാൽ ഈ തലമുറയുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം ഭാവി തലമുറയുടെ അവകാശങ്ങളെ ഹനിക്കുന്നുമില്ല.'

ഓഹരി ഉടമകൾക്ക് ലാഭമുണ്ടാക്കാനുള്ള സ്ഥാപനങ്ങൾ മാത്രമല്ല, പകരം മനുഷ്യന്റെ പ്രാതിനിധ്യം പൂർത്തീകരിക്കാനുള്ള ഒരു ഉപാധികൂടി ആവേണ്ടതുണ്ട് ഇസ്‌ലാമിക ബാങ്കുകൾ. ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിന്റെ നിയമങ്ങളും ലക്ഷ്യങ്ങളും ഉൾകൊള്ളുമ്പോഴേ ഇത് യാഥാർഥ്യമാവൂ. എന്നാൽ ഇസ്‌ലാമിക് ബാങ്കുകൾ ഈ സാമൂഹിക ബാധ്യതകൾ നിർവഹിക്കുന്നുണ്ടോ എന്ന് എങ്ങനെയാണ് അളക്കുക? അതിന് താഴെപറയുന്ന മാനദണ്ഡങ്ങൾ ഉപയോഗിക്കാം.

1. എല്ലാ പ്രവർത്തനങ്ങളിലും ഇസ്‌ലാമിക പരിഗണന നൽകുക (സാമൂഹിക താൽപര്യമാണ് ഉദ്ദേശിക്കുന്നത്).

2. വികസന മാർഗരേഖയിൽ ഇസ്‌ലാമിക ക്രമമനുസരിച്ച് അടിസ്ഥാനാവശ്യങ്ങൾക്ക് മുൻഗണന നൽകുക.

3. സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം.

4. അഭ്യന്തര സാമ്പത്തിക ഭദ്രത ലക്ഷ്യമാവുക; ജി.ഡി.പി വർധിപ്പിക്കുന്നതിൽ പങ്കുവഹിക്കുക.

5. മലിനീകരണം തടയൽ, തൊഴിലില്ലായ്മ നിർമാർജനം, ദാരിദ്ര്യം കുറക്കൽ എന്നിവയിൽ പങ്കുവഹിക്കുക.

6. അടിസ്ഥാന സൗകര്യ വികസന (വീട്, ഭക്ഷണം, ഗതാഗതം) ങ്ങളിൽ പങ്കാളിത്തം.

7. മൂലധന സ്വരൂപണം വർധിപ്പിക്കാൻ മുൻകൈയെടുക്കുക.

8. എല്ലാ മേഖലക്കും പരിഗണന നൽകി സന്തുലിതത്വം ഉറപ്പാക്കുക.

9. സമ്പത്തിന്റെ ചംക്രമണവും പുനർവിന്യാസവും വർധിപ്പിക്കുക.

10. പാരിസ്ഥിതിക ആഘാതം കുറച്ചുകൊണ്ട് പുതിയ മേഖലയിലുള്ള വികസനത്തിൽ പങ്കാളിത്തം.

11. ആരോഗ്യരംഗത്ത് പ്രത്യേകശ്രദ്ധ; പകർച്ചവ്യാധി തടയുന്നതിനും മറ്റും പ്രാധാന്യം.

12. യുവതയുടെ വിദ്യാഭ്യാസം, സാമൂഹികമായ വികാസത്തിൽ പങ്കാളിത്തം.

ഒറ്റനോട്ടത്തിൽ ഇതൊക്കെ സർക്കാറിന്റെ ജോലിയല്ലേ എന്ന് ചിന്തിക്കുന്നവരുണ്ടാവാം. എന്നാൽ ഇസ്‌ലാം ഇത് ധനികരുടെ കൂടി ബാധ്യതയായി എടുത്തുപറയുന്നു. അതോടൊപ്പം ശരീഅത്തിന്റെ ലക്ഷ്യ പൂർത്തീകരണം എല്ലാ വിഭാഗങ്ങളുടെയും കൂട്ടായ ഉത്തരവാദിത്തവുമാണല്ലോ. അതിനാൽ ഇസ്‌ലാമിക ധനകാര്യസ്ഥാപനത്തിന് ഇവിടെ നിർണായക പങ്കുണ്ട്.

മാത്രമല്ല സാമൂഹിക ബാധ്യതകളും സുസ്ഥിര വികസനവും ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ പരസ്പര പൂരകങ്ങളാണ്. ആരോഗ്യവും വിദ്യാഭ്യാസവുമുള്ള സമൂഹത്തിനേ വികസനപ്രക്രിയയിൽ ക്രിയാത്മകമായ പങ്കുവഹിക്കാനാവൂ. അപ്പോഴേ സാമ്പത്തിക മേഖലയിൽ ഉണർവ് ദൃശ്യമാവൂ. അതുവഴി മാത്രമേ സുസ്ഥിര വികസനവും യാഥാർഥ്യമാവൂ. മുതലാളിത്ത സോഷ്യലിസ്റ്റ് വികസന രീതികൾ അപ്പടി അനുകരിക്കുന്നത് അതിനാൽ തന്നെ ഇസ്‌ലാമിക സമ്പദ്ക്രമത്തിന്റെ സന്തുലിതവും സമഗ്രവുമായ വികസനത്തിന് അനുയോജ്യമാവില്ല. അത്തരം വ്യവസ്ഥകളിലെ വികസന രീതികൾ അവയുടെ തന്നെ അടിവേരറുക്കുന്ന നിലയിലാണ് രൂപപ്പെടുത്തപ്പെട്ടിട്ടുള്ളത്. വ്യക്തിയുടെ ക്ഷേമമാണ് അവിടെ പരിഗണിക്കപ്പെടുന്നത്. ഇസ്‌ലാം സാമൂഹികക്ഷേമത്തിന് പ്രാധാന്യം നൽകുന്നു. അതുവഴി വിശാലമായ സാധ്യതകൾ അത് തുറന്നു നൽകുന്നു. സുസ്ഥിരവും സമഗ്രവുമായ വികസനം യാഥാർഥ്യമാക്കുകയും ചെയ്യുന്നു. ■

**റഫറൻസ്**

1. അൽ അൻസാരി: ഡോ. മഹ്മൂദ് The role of Islamic Banking in social development

2. Al Najjar, Dr. Ahmad: The general framework for islamic Banking

3. Ayyash, Dr. Mohd Salih: The Social Responsiblity of Islamic Banks

4 Muslim world and the constaint devpt challenges, www.ISESCO.org.ma

5. Abu Zaid, Mohammed Abdul Munim - The Economic Role of Islamic Banks - Theory and practice